**തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം**
**ടൗൺപ്ലാനറുടെ നടപടിക്രമങ്ങൾ**

വിഷയം: ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം – കാഞ്ഞിരംകുളം – ഗ്രാമപഞ്ചായത്ത് – കാഞ്ഞിരംകുളം വില്ലേജ് – ഗ്രൂപ്പ് ഐ വിഭാഗത്തിൽ ഉൾപ്പെടുന്ന പെട്രോൾ പമ്പ് നിർമ്മാണം – കെട്ടിടത്തിൻറെ ലേഔട്ടിനും സ്ഥലത്തിൻറെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത്– സംബന്ധിച്ച്.

പരാമർശം :– കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 16.09.2021 ലെ എ 3–1159/2021 നമ്പർ കത്ത്

**<u>ഉത്തരവ് നമ്പർ TCPTVM/1374/2021-D തീയതി 06/01/2022</u>**

കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത് കാഞ്ഞിരംകുളം വില്ലേജിൽ 521/7–1 റീ സർവ്വേ നമ്പറിൽ ഉൾപ്പെടുന്ന 990 ച.മി സ്ഥലത്തു ഗ്രൂപ്പ് ഐ വിഭാഗത്തിൽ ഉൾപ്പെടുന്ന 373.50 sq.m ബിൽറ്റപ് ഏരിയയുള്ള Petrol Pump കെട്ടിടത്തിന്റെ ലേ ഔട്ട് അംഗീകാരത്തിനായി Territory Manager- retail, Bharat Petroleum Corporation Ltd. Ernakulam സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൻറെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കെട്ടിടത്തിൻറെ ലേ ഔട്ടിനും സ്ഥലത്തിൻറെ ഉപയോഗത്തിനും അംഗീകാരം നല്കി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. നിർമാണംകെ.പി.ബി.ആർ.2019 നും അനുബന്ധ ഭേദഗതികൾക്കു ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കണം.
2. നിർമാണ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ, ഉടമസ്ഥത, അതിരുകൾ, അളവുകൾ എന്നിവ പരിശോധിച്ച് ശരിയാണെന്ന് ഉറപ്പു വരുത്തണം
3. പ്രസ്തുത സ്ഥലത്തു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ല എന്ന് ഉറപ്പുവരുത്തിയിരിക്കണം.
4. നിർമ്മാണ സ്ഥലത്ത് നിലം, പുറമ്പോക്ക് എന്നിവ ഉൾപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
5. 2008–ലെ നെൽവയൽ തണ്ണീർത്തട നിയമം/ അനുബന്ധ ഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.
6. സ്വാഭാവിക ജല നിർഗമന മാർഗ്ഗങ്ങൾ അടഞ്ഞുപോകരുത്
7. നിർദ്ദിഷ്ട ലേ–ഔട്ടിൽ ഡ്രെയിനേജിനുള്ള സൗകര്യം നല്കിയിരിക്കണം. പ്രസ്തുത ലേ – ഔട്ടിൽ നിന്നുള്ള ഡ്രെയിനേജ് (മഴവെള്ളം/മലിനജലം) പരിസരവാസി കൾക്ക് ദോഷമുണ്ടാകരുത്.
8. പ്രസ്തുത നിർമ്മാണം കെ.പി.ബി.ർ 2019 ചട്ടം 47 പാലിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
9. നിർമാണം കെ.പി.ബി.ആർ.2019 ചട്ടം 79 നനുസൃതമായി മാലിന്യ നിർമ്മാർജ്ജന

സംവിധാനം നൽകിയിട്ടുണ്ടെന്ന് ഉറപ്പ വരുത്തണം.

10. Pollution control board, ഫയർ തുടങ്ങിയ അജൻസികളിൽ നിന്ന് ആവശ്യമായ അനുമതികൾ നേടിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
11. കെ.പി.ബി.ർ 2019 ചട്ടം 26(8) പ്രകാരം ഉറസ്സായ സ്ഥലത്തിന്റെ 50% കുറയാതെയുള്ള ഭാഗം മഴവെള്ളം മണ്ണിലേക്കിറങ്ങാൻ പാകത്തിന് ക്രമീകരിക്കേണ്ടതാണ്.
12. കെ.പി.ബി.ർ 2019 ചട്ടം 76(3) പ്രകാരം നിർദ്ദിഷ്ട യൂണിറ്റിനു ചുറ്റും അനുയോജ്യമായ മരങ്ങൾ നടേണ്ടതാണ്.
13. നിർദ്ദിഷ്ട നിർമ്മാണം മൂലം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിൻറെ/ സമീപ പ്ലോട്ടിലുള്ള കെട്ടിടത്തിൻറെ സുരക്ഷയെ ബാധിയ്ക്കരുത്

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**02/2022 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാൻ (ഒരു സെറ്റ്) ഇതോടൊപ്പം അയയ്ക്കുന്നു.**

Signature Not Verified

Digitally signed by Jayasree V K
Date: 2022.01.06 12:02:50 IST
Reason: Approved

**JAYASREE.V.K**
**TOWN PLANNER**

ഉള്ളടക്കം: മേൽപ്രസ്താവിതം

സെക്രട്ടറി,
കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത്

പകർപ്പ്: (അറിവിലേയ്ക്കായി)

1)Territory Manager,
Bharat Petroleum Corporation Ltd.
Cochin,
Kerala

2)കരുതൽ ഫയൽ